(സി)-(ഇ)പ്രസ്തുത സർവ്വേ റിപ്പോർട്ട് ലഭ്യമല്ല.

(എഫ്)ഹ്രസ്വവും ദീർഘവുമായ പദ്ധതികൾ ഉണ്ട്. അനുപൂരകപോഷണം (Supplementary feeding) നൽകുക, വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുക, ഭക്ഷ്യപൊതുവിതരണം ഊർജ്ജിതപ്പെടുത്തൽ, സൗജന്യ റേഷൻവിതരണം മുതലായവ ഇതിൽപ്പെടും. പക്ഷേ ഇത്തരം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വകുപ്പുകൾ, സാമൂഹ്യക്ഷേമവകുപ്പ്, ഭക്ഷ്യവിതരണ വകുപ്പ്, റവന്യൂ വകുപ്പ് മുതലായവയാണ്. ആരോഗ്യവകുപ്പിന്റെ പോഷകാഹാര പ്രവർത്തനങ്ങളിൽ അനുപൂരകപോഷണവും മറ്റും ഉൾപ്പെടുന്നില്ല.

133 (1737) ആതുര ശുശ്രൂഷാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി

ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആതുര ശുശ്രൂഷാ സൗകര്യങ്ങൾ കുറവുള്ള സ്ഥലങ്ങളിൽ പുതിയ ആശുപത്രികൾ തുടങ്ങുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ആയുർവേദ ആശുപത്രികൾ ആരംഭിക്കുമെന്നുള്ള പ്രഖ്യാപനം നടപ്പിലാക്കാൻ ഉദ്ദേശ്യമുണ്ടോ;

(ഡി) എങ്കിൽ അതിനുവേണ്ടിയുള്ള സ്ഥലങ്ങൾ തീരുമാനിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ കേരളത്തിലെ 2 പഞ്ചായത്തുകൾ ഒഴികെ മറ്റല്ലായിടത്തും അനുവദിച്ചുകഴിഞ്ഞു. ആയുർവേദ ഹോമിയോ ചികിൽസാ കേന്ദ്രങ്ങൾ സാമ്പത്തിക ലഭ്യതയ്ക്കനുസൃതമായി ഘട്ടംഘട്ടമായി എല്ലാ പഞ്ചായത്തുകളിലും ആരംഭിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(സി) നടപ്പു സാമ്പത്തികവർഷം പുതിയ ആയുർവേദ ഡിസ്പെൻസറികൾ എവിടെയൊക്കെ ആരംഭിക്കണമെന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

(ഡി) ബന്ധപ്പെട്ട പഞ്ചായത്ത് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ സാമ്പത്തികലഭ്യതയനുസരിച്ച് സ്ഥലനിർണ്ണയം നടത്തുന്നത്. ഈവർഷം 100 ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

134 (1738) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്താൻ നടപടി

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly